# മലയാളികളും സിനിമയും ധർമ്മബോധവും

തോമസ് ഫിലിപ്പ് പാറയ്ക്കമണ്ണിൽ റാന്നി

മനുഷ് ഹൃദയങ്ങളെ അനൽപ്പമായി ആകർഷിച്ചുകൊണ്ടിരിക്കുന്ന കലയാകുന്നു സിനിമ ഇന്ന്. സാംസ്ക്കാരികമായും സാന്മാർഗ്ഗികമായും ധാർമ്മികമായും നല്ല നിലവാരം പുലർത്തിയിരുന്ന സിനിമകൾ ഒരു 20 വർഷങ്ങൾക്ക് മുൻപ് വരെ മലയാള ഭാഷയിലുണ്ടായിരുന്നു. സത്യത്തിനും ധാർമ്മികമൂല്യങ്ങൾക്കും ജീവിതത്തിൽ പരമ പ്രാധാന്യം കൽപ്പിച്ചിരുന്ന പ്രതിഭാ സമ്പന്നരായ സംവിധായകരും സർഗ്ഗശക്തിയും അഭിനയസിദ്ധിയുമൊക്കെ കൈമുതലായുണ്ടായിരുന്ന ആദർശശാലികളായ അഭിനേതാക്കന്മാരും അഭിനേത്രികളും മലയാള സിനിമയ്ക്ക് അക്കാലത്തുണ്ടായിരുന്നു. തങ്ങൾ മാത്രമല്ല മറ്റുള്ളവ് കൂടി സന്തോഷിക്കണമെന്നുള്ള ചിന്തയുള്ളവർ തന്നെ ആയിരുന്നവർ. പ്രേംനസീർ, സത്യൻ, മധു, ഷീല, ആറന്മുള പൊന്നമ്മ അങ്ങനെ പോകുന്നവരുടെ പേരുകൾ.

ഇന്ത്യയിൽ മലയാള സിനിമയ്ക്ക് മാന്യമായ ഒരു സ്ഥാനം ഉണ്ടാക്കി കൊടുത്തത് പ്രതിഭാധനരായ ഇവരുടെ ഈടുറ്റ അഭിനയം കൊണ്ടായിരുന്നു എന്ന് പറഞ്ഞാൽ അതിൽ ലേശവും അതിശയോക്തിയില്ല. ധർമ്മബോധത്തിലും വ്യക്തിവൈശിഷ്ട്യത്തിലും ഭാവാഭിനയത്തിലുമൊക്കെ ഇവർക്ക് പ്രേക്ഷക ഹൃദയങ്ങളിൽ ആദരണീയമായ ഒരു സ്ഥാനമാണിന്നും ഉള്ളത്. സിനിമാപ്രേമികളായ മലയാളികളുടെ സ്മരണാ മണ്ഡലത്തിൽ പ്രിയങ്കരനായ നായകൻ പ്രേംനസീറും പ്രിയങ്കരിയായ നായിക ഷീലയുമായിരുന്നു. പ്രശസ്തമായ ചെമ്മീനിലെ പളനിയെയും, പരീക്കുട്ടിയെയും, കറുത്തമ്മയെയും യഥാക്രമം സത്യനും  മധുവും ഷീലയും കൂടി അനശ്വരകഥാപാത്രങ്ങളാക്കി മാറ്റിയിരിക്കുന്നു. “കറുത്തമ്മേ, കറുത്തമ്മ പോയാൽ ഞാൻ ഈ കടപ്പുറത്ത് പാടിപ്പാടി മരിക്കും” എന്നുള്ള പരീക്കുട്ടിയുടെ ശോകാർദ്രമായ വാക്കുകൾ ആരുടെ ഹൃദയത്തെയാണ് സ്പർശിക്കാതെ പോകുന്നത്?

മലയാള സിനിമ ഒരു കാലത്ത് കാത്തു സൂക്ഷിച്ചതായ ആ ധാർമ്മിക നിലവാരവും കലാമൂല്യവുമൊക്കെ കേരളത്തിലെ ഇന്നത്തെ കോമാളി കലാകാരന്മാരും യുവതലമുറയും സിനിമാ സംവിധായകരും കൂടി കളഞ്ഞു കുളിച്ചുകൊണ്ടിരിക്കുന്നു.

കാലം മാറി. നടപ്പും മാറി. വിശ്വാസാചാരങ്ങൾക്കും ജീവിതവീക്ഷണങ്ങൾക്കും പ്രവൃത്തികൾക്കും ധർമ്മബോധത്തിനുമൊക്കെ വലിയ മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു.കേരളീയ മനസ്സുകളിൽ നിന്നും സ്നേഹവും നേരും നെറിയും വിനയവും വിശുദ്ധിയും വിശ്വസ്തതയുമൊക്കെ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. കേരളത്തിലും ഇന്ത്യയിലുമായി കഴിഞ്ഞ എന്റെ ചെറുപ്പകാലത്ത് സത്യത്തെയും നീതിയെയും മാനവിക മൂല്യങ്ങളെയും മുറുകെ പിടിച്ചുകൊണ്ട് ജീവിച്ച ധാരാളം മലയാളികൾ ഉണ്ടായിരുന്നു. എത്ര വലിയ ദുഷ്ടതയോ കാപട്യമോ കൊലയോ കൊള്ളയോ നീചപ്രവൃത്തികളോ ചെയ്യുവാനോ മലയാളിയ്ക്ക്  ഇന്ന് യാതൊരു മടിയുമുല്ല. “അളിയാ എനിക്ക് ഒന്ന് സുഖിക്കണം” എല്ലാ പൊന്നുമോന്മാരുടെയും മുഖമുദ്ര ഇന്നിതാകുന്നു! അത്രമാത്രം സ്വാർത്ഥനിഷ്ഠരായി തീർന്നിരിക്കുന്നു മലയാളികളിന്ന്! അപരിഹാര്യമായ അപകടത്തിന്റെയും അരക്ഷിതാവസ്ഥയുടെയും  അസമാധാനത്തിന്റെയും ഭീതിയുടെയും കരിനിഴലിൽ ഇന്ന് അന്തി ഉറങ്ങിക്കൊണ്ടിരിക്കുന്നത്. നാസി പോലീസിനെ ജർമ്മൻകാർ ഒരിക്കൽ ഭയപ്പെട്ടതു പോലെ കേരളത്തിലെ ജനങ്ങൾ ഇന്നത്തെ കേരളാ നിവാസികളെയും നീചബുദ്ധികളായ മലയാളി ചെറുപ്പക്കാരെയും കൊട്ടേഷൻ സംഘങ്ങളെയും വർഗ്ഗീയവാദികളെയും ഭയന്നാണ് ജീവിക്കുന്നത്.

യുവതലമുറയെ ഏറെ ആകർഷിക്കുന്ന ഇന്നത്തെ മലയാള സിനിമയുടെ സവിശേഷതകൾ എന്തൊക്കെയാകുന്നു എന്ന് നോക്കാം. സംഘട്ടനങ്ങളും രക്തച്ചൊരിച്ചിലുകളും., റൗഡിത്ത പ്രകടനങ്ങൾ, മദ്യപാന ബലാൽക്കാര സീനുകൾ കിടപ്പറ സീനുകളും പ്രസവരംഗങ്ങൾ വരെ മലയാള സിനിമയുടെ സവിശേഷതകളാകുന്നു. ഒപ്പം തെറി ഡയലോഗുകളും. കലാമേന്മയോ ജീവിതമൂല്യങ്ങളോ ഇല്ലെങ്കിലും ഇപ്പറഞ്ഞ ഗുണഗണങ്ങൾ വേണ്ടപോലെ തിരുകി ചേർക്കുമ്പോൾ അത് മലയാളിക്ക് ആസ്വാദ്യപൂർണ്ണമായ സിനിമയായി തീരുന്നു. എത്ര വലിയ അധർമ്മത്തിനും അക്രമ

ങ്ങൾക്കും കൊലകൾക്കും ബലാൽക്കാരങ്ങൾക്കും യാതൊരു പ്രതികരണങ്ങളും ഇല്ല. അന്യന്റെ കാര്യമാണല്ലോ അത്!

അസാന്മാർഗ്ഗികമായ സിനിമകൾ പോലും കുടുംബമായി അച്ഛനും മോനും അമ്മയും മോളുമൊക്കെയായി ഒന്നിച്ചിരുന്ന് കണ്ടാസ്വദിക്കുവാനും മലയാളിക്ക് ഇന്ന് യാതൊരു വൈമുഖ്യവുമില്ല. കുടുംബ പ്രാർത്ഥനകൾ മുടങ്ങിയാലും ക്രിസ്ത്യാനികൾ സീരിയലുകൾ മുടക്കില്ലിന്ന്. അങ്ങനെ ധാർമ്മികമായി അധഃപതിച്ചുകൊണ്ടിരിക്കുന്ന ക്രിമിനലുകളുടെ നാടും ഈറ്റില്ലവുമായും മാറിക്കൊണ്ടിരിക്കുന്നു കേരളം ഇന്ന്. ഈശ്വരനെയും ഈശ്വരസത്തയിൽ നിന്നുള്ള ധാർമ്മികമൂല്യങ്ങളെയും തജ്ജന്യമായ സന്തുഷ്ടി സമാധാനത്തെയും നിഷേധിച്ചുകൊണ്ടും വെറും ജഡികവികാരങ്ങളെ മാത്രം ഉത്തേജിപ്പിച്ച് സന്തോഷിപ്പിക്കുകയും ചെയ്തുകൊണ്ടും പണം ഉണ്ടാക്കുക എന്നുള്ള ഏക ലക്ഷ്യം മുൻനിർത്തി പ്രവർത്തിച്ചുകൊണ്ടും മുന്നേറുന്ന ഇന്നത്തെ മലയാള സിനിമ ഗണ്യമായ രീതിയിൽ ഇളംതലമുറയെ അധർമ്മ പ്രവൃത്തികളിലേക്കും അക്രമത്തിലേക്കും തിന്മയിലേക്കും വഴി തെറ്റിച്ചുകൊണ്ടിരിക്കുന്ന എന്നുള്ളത് അനിഷേധ്യമായ ഒരു സത്യമാകുന്നു. കേരളത്തിലെ മലയാളി സമൂഹത്തെ ഈരാളി പിടുത്തം പോലെ മുറുകെ പിടിച്ചിരിക്കുന്ന ഉൽക്കടമായ മദ്യപാനാസക്തിയിൽ നിന്നും അക്രമത്തിൽ നിന്നും അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന അതിനീചമായ ബലാൽക്കാരങ്ങളിൽ നിന്നും ജനങ്ങളെ രക്ഷിക്കുവാൻ സഹായിക്കുന്ന എന്തെങ്കിലും ഒരു ദൂത് നൽകുവാൻ ഇന്നത്തെ മലയാള സിനിമയ്ക്ക് കഴിയുമോ? കഴിയുകയില്ല! കാരണം കേരളത്തിൽ സിനിമാ നിർമ്മിതാക്കൾക്ക് വേണ്ടത് പണം മാത്രം. അല്ലാതെന്താണ്? കലയോ? മനുഷ്യനന്മയോ ജീവിതമൂല്യങ്ങളോ? കേരളത്തിലെ ആത്മീയ നേതാക്കന്മാർക്കും, അതിശ്രേഷ്ഠ ദൈവദാസന്മാർക്കും, സുവിശേഷവേലക്കാർക്കും സാംസ്ക്കാരിനായകന്മാർക്കും എഴുത്തുകാർക്കും വികടബുദ്ധികളായ രാഷ്ട്രീയനേതാക്കന്മാർക്കും, ഏഴകളുടെ തോഴന്മാർക്കും പത്രമാധ്യമങ്ങൾക്കു പോലും, ധർമ്മമോ നീതിയോ സ്നേഹമോ സത്യമോ സാമൂഹ്യനന്മകളോ അല്ല വേണ്ടത്. ഇന്ന് എല്ലാവർക്കും വേണ്ടത് പണവും പ്രതാപവും സുഖവും മാത്രം!

ജീവിതത്തിൽ എന്തിനേക്കാളും മലയാളികൾക്ക് വലുത് പണമാകുന്നു. സ്നേഹം അഭിനയവും! പണത്തിനു വേണ്ടി മലയാളി സ്വന്തം ഭാര്യയെയോ ആരെ വേണമെങ്കിലും കൊല ചെയ്യും. ഏത് അന്യായമോ ദുഷ്പ്രവൃത്തികളോ അതിനായി അവൻ ചെയ്യും. ആരും ദുഃഖിച്ചോട്ടെ. വേദനിച്ചോട്ടെ. കഷ്ടപ്പെട്ടോട്ടെ. തനിക്ക് 'കൊഴപ്പം' ഇല്ല. മണലാരുണ്യങ്ങളിൽ കഷ്ടപ്പെട്ടു ജോലി ചെയ്തു ജീവിക്കുന്ന മലയാളിയെയും ഏഴാം കടലിനുമപ്പുറത്ത് കൊടും തണുപ്പിൽ കഠിനാദ്ധ്വാനം ചെയ്തു ജീവിക്കുന്ന മലയാളിയെയും സ്വന്തക്കാർ സ്നേഹിക്കുന്നത് പണത്തിനു വേണ്ടിയാകുന്നു. സ്നേഹത്തിനു വേണ്ടിയല്ല. അല്ലെങ്കിൽ ഇവരൊക്കെ ഒന്ന് വയ്യാതാകട്ടെ, കിട്ടിക്കൊണ്ടിരിക്കുന്ന ആദായമൊക്കെ ഒന്നില്ലാതാകട്ടെ, അപ്പോൾ കാണാം മലയാളിയുടെ സ്നേഹവും കാരുണ്യവും ക്ഷേമാന്വേഷണങ്ങളുമൊക്കെ! എല്ലാവരും ഇതിൽപ്പെടുന്നില്ല.

സ്വാർത്ഥതയ്ക്കു വേണ്ടി സ്വന്തം മനഃസാക്ഷിയെ പോലും വഞ്ചിച്ച് ജീവിക്കുന്നവരാകുന്നു അഭ്യസ്തവിദ്യരായ മലയാളികൾ ! എന്തധർമ്മവും ആയിക്കൊള്ളട്ടെ കേരളത്തിലെ പ്രശസ്തരായ മാധ്യമങ്ങൾ പോലും ഇന്ന് സമൂഹത്തിൽ നടമാടുന്ന അക്ഷന്ത്യവ്യമായ അക്രമങ്ങൾക്കും അപരാധങ്ങൾക്കും എതിരായി പ്രതികരിക്കയില്ല. 'നല്ല പിള്ള' ചമയുവാൻ വിദഗ്ധമായി അവർ മൗനം ദീക്ഷിക്കും. നല്ല റേറ്റിംഗും കൂടുതൽ ലാഭവുമാണ് അവരുടെയും ലക്ഷ്യം ഇന്ന്. തിന്മ തിന്മയാണെന്നും തെറ്റ് തെറ്റാണെന്നും പറഞ്ഞാൽ ബന്ധപ്പെട്ടവർക്ക് അനിഷ്ടമുണ്ടാകും. സംശയം വേണ്ട, അതുകൊണ്ട് കേരളത്തിലെ പത്രധർമ്മം ഇന്ന് റബ്ബർഷീറ്റു പോലെ ഇഷ്ടാനുസരണം വലിക്കുന്നതനുസരിച്ച് അങ്ങോട്ടും ഇങ്ങോട്ടും വലിഞ്ഞുകൊണ്ടിരിക്കുന്നു! മാനുഷികമൂല്യങ്ങൾ ചവിട്ടിമെതിക്കപ്പെടുമ്പോൾ യുവതികൾ ബലാൽക്കാരം ചെയ്യപ്പെടുമ്പോൾ മനുഷ്യൻ മനുഷ്യനെ വെട്ടിക്കൊല ചെയ്യുമ്പോൾ അതിനെതിരായി ശക്തമായി പ്രതികരിക്കേണ്ടതിനു പകരം ഇതൊന്നും തങ്ങളുടെ വിഷയങ്ങളല്ലെന്ന് വായനക്കാരെ വിദഗ്ധമായി തെറ്റിദ്ധരിപ്പിക്കുവാൻ ശ്രമിക്കുന്നതല്ല യഥാർത്ഥമായ പത്രധർമ്മം! സാഹിത്യകാരന്മാരുടെയും സമുന്നതമായ കടമ! ശ്രീ മാമ്മൻ മാപ്പിളയുടെയും ശ്രീ. കെ. പി. കേശവമേനോന്റെയും പത്രാധിപത്യകാലത്തെ അവരുടെ പത്രധർമ്മത്തിന് മൂല്യാധിഷ്ഠിതവും ആദരണീയവുമായ ഒരാർജ്ജവത്വം ഉണ്ടായിരുന്നു. പത്രസേവനവും ആതുര സേവനവും

ആത്മീയവുമൊക്കെ ഇന്ന് ഒരു വലിയ ബിസിനസ്സായി തീർന്നിരിക്കുന്നു. എല്ലാവരും അങ്ങനെയാണെന്നുള്ള വിവക്ഷയുമെനിക്കില്ല. സ്വന്തം സുഖങ്ങൾക്കു വേണ്ടിയും ജീവിത നേട്ടങ്ങൾക്കു വേണ്ടിയും പണത്തിനു വേണ്ടിയും സത്യത്തെയും നീതിയെയും ജീവിതമൂല്യങ്ങളെയും ബലിയർപ്പിച്ച് എന്തും ചെയ്യാൻ മടിക്കാത്ത ആളുകളെ കൊണ്ട് നിറഞ്ഞിരിക്കയാണ് കേരളം ഇന്ന്. ഈശ്വരവിശ്വാസമോ ഭക്തിയോ ഇല്ലാഞ്ഞിട്ടല്ല, മതപരമായ പ്രബോധനങ്ങളും, അധർമ്മത്തിനും അകൃത്യങ്ങൾക്കുമെതിരായിട്ടുള്ള വിലക്കുകളും കിട്ടാഞ്ഞിട്ടുമല്ല, ആളുകൾക്ക് മതിയായ വിദ്യാഭ്യാസവും ഇല്ലാഞ്ഞിട്ടുമല്ല ഇത്രയധികം ദുഷ്ടതയും കാപട്യങ്ങലും നിഷ്ഠൂരമായ അക്രമങ്ങളും കൊലയും സ്ത്രീപീഢനങ്ങളും വിവാഹമോചനങ്ങളുമൊക്കെ മലയാളി, മലയാളിക്ക് എതിരായി ഇന്ന് ചെയ്തുകൊണ്ടിരിക്കുന്നത്. തമിഴ്നാട്ടിലോ, കർണ്ണാടകത്തിലോ, ആന്ധ്രയിലോ മഹാരാഷ്ട്രയിലോ ഇത്രയധികം അക്രമങ്ങളും ബലാൽക്കാരങ്ങളും തട്ടിപ്പും ചതിയും കൊലയുമൊന്നും ആ നാടുകളിൽ ജീവിക്കുന്ന മലയാളികൾക്ക് എതിരായി ആ നാട്ടുകാരിൽ നിന്നും ഉണ്ടാകുന്നില്ല എന്നുള്ളതാണ് സത്യം. മലയാളികളേക്കാൾ എത്രയോ അധികം ധർമ്മബോധമുള്ളവരാകുന്നു ആ നാട്ടിലെ ജനങ്ങൾ! പക്ഷേ, സ്വന്തം നാട്ടിൽ മലയാളികൾക്ക് ഇന്ന് രക്ഷയില്ല!

പ്രകൃതിയാൽ അനുഗ്രഹിക്കപ്പെട്ട നാട്! അഴകും ആരോഗ്യവും ബുദ്ധിശാലികളായ ജനങ്ങളും ഉള്ളൊരു നാട്! ഒരുകാലത്ത് സൗഹാർദ്ദനിർഭരമായ, സ്നേഹസുരഭിലമായ പരസ്പരം സഹായസഹകരണങ്ങൾ ചെയ്തു ജീവിച്ച സുമനസ്സുകളായ അച്ഛനമ്മമാരുടെയും സഹോദരീസഹോദരങ്ങളുടെയും നാട്! സന്തുഷ്ടപൂർണ്ണമായ ജീവിതം നയിക്കേണ്ട മലയാളികൾ സരസകോമളമായ തങ്ങളുടെ ആ നാടിന്റെ വിരിമാറിലൂടെ ചോരപ്പുഴകൾ ഒഴുകുകയാണിന്ന്! സമാധാനമായി ജീവിക്കുവാൻ കേരളത്തിൽ ഇന്നാർക്കും സാധ്യമല്ലെന്ന് വന്നിരിക്കുന്നു! എത്ര ഹൃദയഭേദകമായ നിഷ്ഠൂരനരഹത്യകളും ബലാൽക്കാരങ്ങളുമാകുന്നു ദിനം തോറും കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത് ഇന്ന്? ജീവന് നിയമസംരക്ഷണങ്ങളും കുറ്റവാളികൾക്ക് ശിക്ഷയും ആർക്കും പ്രതികരണവും ഇല്ലാത്ത നാട്! ദൈവങ്ങളും ആൾദൈവങ്ങളും വാഴുന്ന നാട്! പൂവാലന്മാരും പുന്നാരക്കുട്ടന്മാരും കൊട്ടേഷൻ റൗഡി ശൂരന്മാരും സുഖിച്ച് വിലസുന്ന മലയാള നാട്! അമ്മ പെങ്ങന്മാരെ മാനിക്കാത്ത, നീതിബോധവും നാണവും മനഃസാക്ഷിയും ധർമ്മബോധവും ഇല്ലാത്ത ഗർവികളുടെയും ക്രൂരന്മാരുടെയും നാട്! കൈകൊണ്ട് യാതൊരു ജോലിയും വീട്ടിലും നാട്ടിലും ചെയ്യാതെ തനി തട്ടിപ്പുകളുമായി നടക്കുന്ന അഭ്യസ്തവിദ്യരുടെ നാട്! കേരളത്തിലെ മലയാളികളുടെ മറ്റൊരു നന്മ മാസംതോറും ഹർത്താലുകളും ബന്ദുകളും നടത്തി ജനജീവിതത്തെ സ്തംഭിപ്പിക്കുന്ന കുട്ടിസഖാക്കളും രാഷ്ട്രീയ നേതാക്കന്മാരുമാകുന്നു. ധാർമ്മികമായി മലയാള സിനിമയും മലയാളി സമൂഹവും ഇനിയും അധഃപതിക്കുകയേ ഒള്ളൂ. അനൽപ്പമായ ഗർവ്വവും സമൂഹമായി ഇന്ന് മലയാളികളുടെ തലയ്ക്ക് കേറി പിടിച്ചിരിക്കുന്നു. അനുദിനമെന്നോണം കേരളത്തിലുടനീളം നാം ഇന്ന് കാണുന്നതും കേട്ടുകൊണ്ടിരിക്കുന്നതും അഹങ്കാരത്തിന്റെ തിമിർപ്പുകളും അരങ്ങേറ്റങ്ങളുമാകുന്നു! ആരുണ്ട് ചോദിക്കാൻ? ക്രിമിനലുകൾ നാടു ഭരിക്കുന്ന നാട്ടിൽ ശിക്ഷയുമില്ലല്ലോ ആർക്കും! നൂറ്റാണ്ടുകൾക്ക് മുൻപേ സോളമൻ പറഞ്ഞു ‘വീഴ്ചയ്ക്ക് മുമ്പേ ഉന്നതഭാവം’ എന്ന്. ഇത് സത്യമാണോന്ന് പുറകോട്ടും മുമ്പോട്ടും നോക്കി മലയാളികൾ ഒന്നാം പാഠം പഠിക്കട്ടെ. പിന്നെ പി എച്ച് ഡി എടുക്കട്ടെ!

*************